(സി) ഈ ആനകളിൽ പിടിയാന എത്ര;

(ഡി) 1985–86 സാമ്പത്തിക വർഷത്തിൽ എത്ര ആനയെ അനധികൃതമായി വെടിവെച്ചിട്ടുണ്ട് എന്നു പറയാമോ?

ഉത്തരം

(എ) 1983–ലെ സെൻസസ് പ്രകാരം ചാലക്കുടി, വാഴച്ചാൽ എന്നീ വന ഡിവിഷനുകളിൽ 109 കാട്ടാനകളുണ്ടായിരുന്നു.

(ബി) 1983–ലെ സെൻസസിനുശേഷം 1987–ൽ മാത്രമേ അടുത്ത സെൻസസ് നടത്തുകയുള്ളു. അതിനു ശേഷമേ ആനകളുടെ എണ്ണം കൂടുകയോ കുറയുകയോ ചെയ്തതായി കണക്കാക്കാൻ സാധിക്കുകയുള്ളു.

(സി) 1983–ലെ സെൻസസ് പ്രകാരമുള്ള 109 ആനകളിൽ 70 എണ്ണം പിടിയാനകളാണ്.

(ഡി) 1985–86 സാമ്പത്തിക വർഷത്തിൽ ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ ആനയെ വെടിവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സാമൂഹ്യ വനവൽക്കരണ പദ്ധതിയിലെ ക്രമക്കേട്

507 [914] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയിലെ ക്രമക്കേടുകളുടെ പേരിൽ എതെങ്കിലും ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്തു നടപടി;

(സി) സാമൂഹ്യ വനവൽക്കരണ പരിപാടിയിലെ ക്രമക്കേടുകളുടെ പേരിൽ നടപടി സ്വീകരിക്കപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിലുള്ള ചാർജ്ജ് ഷീറ്റ് എന്തെല്ലാമായിരുന്നു;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥൻമാരെ സർവ്വീസിൽ പ്രവേശിപ്പിച്ചത് ഏതു സാഹചര്യത്തിലാണ്?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി, സി) 21 ഉദ്യോഗസ്ഥൻമാർക്കെതിരെ ശിക്ഷണ നടപടി എടുക്കുകയും 12 പേരെ സസ്പെൻറു ചെയ്തിട്ടുമുണ്ടായിരുന്നു. അവർക്ക് ചാർജ്ജ്ഷീറ്റ് നൽകുന്നതിനുള്ള നടപടികളും എടുത്തു കൊണ്ടിരിക്കുന്നു. കുറ്റകൃത്യങ്ങളുടെ പൊതു സ്വഭാവം താഴെ കൊടുക്കുന്നു:—

1. 1983–ലെ വരൾച്ച ദുരിതാശ്വാസ നടപടികളുടെ ഭാഗമായി സാമൂഹ്യ വനവൽക്കരണ പരിപാടിയിൻകീഴിൽ ഇടുക്കി ജില്ലയിൽ ട്രെഞ്ചും മൗണ്ടും പ്ലാൻറിംഗ് പരിപാടി മുഖേന സ്വകാര്യ വ്യക്തികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

സഹായധനം വിതരണം ചെയ്യുന്നതിനുമുൻപ് മെഷർമെൻറ് ബുക്കുകൾ ശരിയായി എഴുതിയില്ല.

2. ഇക്കാര്യത്തിൽ അസിസ്റ്റൻറ് കൺസർവേറ്റർ റേഞ്ചർ മാർക്ക് യഥാസമയം വേണ്ട നിർദ്ദേശങ്ങൾ നൽകുകയോ, അവരുടെ ചെയ്തികൾ പരിശോധിക്കുകയോ ചെയ്തില്ല.

3. ശരിയായ സ്ഥലപരിശോധന നടത്താതെ റെയിഞ്ചർമാർക്ക് പണം അഡ്വാൻസായി നൽകി.

4. ഒരു കർഷകന് 200 രൂപയിൽ കൂടുതൽ സഹായധനമായി നൽകരുതെന്ന വ്യവസ്ഥയ്ക്കു വിപരീതമായി ചില കുടുംബങ്ങളിലെ ഒന്നിൽ കൂടുതൽ അംഗങ്ങൾക്ക് സഹായധനം നൽകി.

4. കർഷകർക്ക് വേണ്ടത്ര തൈകൾ നൽകിയില്ല; നൽകിയവ തന്നെ മോശപ്പെട്ടവയായിരുന്നു.

(ഡി) സസ്പെൻഷനിൽ നിന്നുത്തിയിരുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിലുള്ള ശിക്ഷണ നടപടികൾ പൂർത്തീകരിക്കാൻ കാലതാമസം വന്ന സാഹചര്യത്തിൽ അവരുടെ കാര്യം പുനരവലോകനം ചെയ്യുകയും അവരുടെ പേരിലുള്ള ശിക്ഷണ നടപടികൾക്ക് തടസ്സം നേരിടാത്ത രീതിയിൽ സർവ്വീസിൽ തിരിയെ പ്രവേശിപ്പിക്കാൻ ഉത്തരവാകുകയും ചെയ്തു. ശിക്ഷണ നടപടികൾ പൂർത്തിയാകുംവരെ ഇവരെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിൽ നിയമിക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പൊൻമുടി വനത്തിൽനിന്ന് മരം മുറിക്കുന്നതിന് അനുവാദം

508 [915] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാറിലെ മിനറൽ വാട്ടർ എക്സ്പോർട്ടിംഗ് എന്ന സ്വകാര്യ കമ്പനിക്ക് വൈദ്യുതി നൽകുന്നതിനുവേണ്ടി പൊൻമുടി വനത്തിൽനിന്നും മരം മുറിയ്ക്കുന്നതിന് സർക്കാർ അനുവാദം നൽകിയിരുന്നുവോ;

(ബി) എങ്കിൽ എത്ര കിലോമീറ്റർ സ്ഥലത്തെ മരം മുറിക്കാനാണ് അനുമതി നൽകിയിരുന്നത്;

(സി) ഇതിന് കേന്ദ്രഗവൺമെൻറിൻെറ അംഗീകാരം ലഭിച്ചിരുന്നുവോ;

(ഡി) മരം മുറിച്ചുമാറ്റുന്നതിന് ടെൻഡർ നൽകിയിരുന്നുവോ;

(ഇ) എങ്കിൽ ആരാണ് ടെൻഡർ സ്വീകരിച്ചത്;

(എഫ്) പ്രസ്തുത കമ്പനിക്ക് കേബിൾ വഴി വൈദ്യുതി നൽകുന്നതിനെന്തായിരുന്നു തടസ്സം?

ഉത്തരം

(എ) കേരള വ്യവസായ വികസന കോർപ്പറേഷൻ സംയുക്ത മേഖലയിൽ ആരംഭിക്കുന്ന ധാതുജല കയറ്റുമതി സ്ഥാപനത്തിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly